**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3251** **01-03-2023 - ൽ മറുപടിയ്ക്ക്**

**മുളവുകാട് എൻ.പി.എസ്. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ എറണാകുളം വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരുന്ന എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന എൻ.പി.എസ്., മുളവുകാട് എന്ന വിദ്യാലയം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; | (എ) | 17.02.2021-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം. 82/2021/പൊ.വി.വ പ്രകാരം എൽ.പി.എസ്., മുളവുകാട് സർക്കാർ തത്വത്തിൽ ഏറ്റെടുത്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 17.02.2021-ലെ സർക്കാർ ഉത്തരവ് (എം.എസ്)നം. 82/2021/പൊ.വി.വ പ്രകാരം എൽ.പി.എസ്., മുളവുകാട് സർക്കാർ തത്വത്തിൽ ഏറ്റെടുത്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |
| (സി) | എങ്കിൽ പ്രസ്തുത ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | മുളവുകാട് എൽ.പി.എസ് സർക്കാർ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 10.04.1967-ലെ സർക്കാർ ഉത്തരവ് (കൈ)നം. 159/1967/പൊ.വി.വ, സർക്കാർ ഉത്തരവ് (കൈ)നം.479/1970/പൊ.വി.വ തീയതി 18.11.1970 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സർക്കാരിലേയ്ക്ക് നിരുപാധികം വിട്ടുനല്കുന്നതിന് സ്വമേധയാ സമ്മതം അറിയിച്ച് കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുള്ള 10 എയ്ഡഡ് സ്കൂളുകളിൽ നടപടിക്രമങ്ങൾ പൂർത്തിയായ സെന്റ്.തോമസ് യു. പി സ്കൂൾ, പുലിയന്നൂർ ഏറ്റെടുക്കുന്നതിന് അംഗീകാരവും നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ട 9 സ്കൂളുകൾ ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

G.O.(Ms)No.82/2021/GEDN തീയതി,തിരുവനന്തപുരം, 17/02/2021

പരാമർശം: 1. സ.ഉ. (കൈ) നം. 159/1967/പൊ.വി.വ തിയ്യതി 10.04.1967

2. സ.ഉ. (കൈ) നം. 459/1970/പൊ.വി.വ തിയ്യതി 18.11.1970

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 04.12.2018, 21.10.2020 തിയതികളിലെ എൻ.എസ്(2) 37178/2018 ഡി.ജി.ഇ നമ്പർ കത്തുകൾ

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.01.2021 തിയതിയിലെ എൻ.എസ് (2) 11344/2020/ ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ സെന്റ് തോമസ് യു.പി.എസ്, പുലിയന്നൂർ സ്കൂളടക്കം താഴെപ്പറയുന്ന 10 സ്കൂളുകൾ സർക്കാരിലേക്ക് നിരുപാധികം സൗജന്യമായി വിട്ടുനല്കുന്നതിന് മാനേജ്മെന്റുകൾ സ്വമേധയാ സമ്മതം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3, 4 പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

i) സെന്റ് തോമസ് യു.പി.എസ്, പുലിയന്നൂർ, തൃശ്ശൂർ
ii) ആർ.വി.എൽ.പി.എസ്, കുരുവിലശ്ശേരി
iii) എ.എൽ.പി.എസ്, മുളവുകാട്
iv) എം.ജി.യു.പി.എസ്, പെരുമ്പിള്ളി, മുളന്തുരുത്തി, എറണാകുളം
v) എൽ.പി.എസ്, കഞ്ഞിപ്പാടം, ആലപ്പുഴ
vi) എൻ.എൻ.എസ്.യു.പി.എസ്, ആലക്കാട്, കണ്ണൂർ
vii) എസ്.എം.എൽ.പി.എസ്, ചുലിശ്ശേരി, തൃശ്ശൂർ
viii) റ്റി.ഐ.യു.പി.എസ്, പൊന്നാനി, മലപ്പുറം
ix) ശ്രീ വാസുദേവാശ്രമം ഹയർസെക്കൻഡറി സ്കൂൾ, നടുവണ്ണൂർ, കോഴിക്കോട്
x) സർവ്വജന ഹയർ സെക്കന്ററി സ്കൂൾ, പുതുക്കോട്, പാലക്കാട്.

2. പ്രസ്തുത സ്കൂളുകളിൽ സെന്റ്. തോമസ് യു പി സ്കൂൾ, പുലിയന്നൂർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായതായും മറ്റ് 9 സ്കൂളുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായ പുലിയന്നൂർ സെന്റ്തോമസ് യു.പി.സ്കൂൾ സർക്കാരിലേയ്ക്കക്ക് വ്യവസ്ഥകളില്ലാതെ ഏറ്റെടുക്കുന്നതിന് അംഗീകാരവും മുകളിൽ വിവക്ഷിച്ച ശേഷിക്കുന്ന 9 സ്കൂളുകൾ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്

ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

4. ഇപ്രകാരം സ്കൂളുകൾ ഏറ്റെടുക്കുമ്പോൾ പരാമർശം 1, 2 പ്രകാരമുള്ള ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം. 4680 തീയതി 15.02.2021)
വിവര&പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PRIYANKA T V
Date: 2021.02.18 13:25:53 IST
Reason: Approved
സെക്ഷൻ ഓഫീസർ